**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2042** **02-02-2024 - ൽ മറുപടിയ്ക്ക്**

**തിരുവനനന്തപുരം-കാസർഗോഡ് സിൽവർലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനനന്തപുരം-കാസറഗോഡ് സിൽവർലൈൻ പദ്ധതിക്കുള്ള വിശദ പഠനരേഖയും അലൈൻമെന്റ് മാപ്പും തയ്യാറാക്കുന്നതിന് വേണ്ടി ലിഡാർ/ഗൂഗിൾ എർത്ത് രീതിയിലല്ലാതെ ഭൂവിടങ്ങൾ നേരിട്ട് സന്ദർശിച്ച് കൊണ്ടുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പദ്ധതിക്ക് വേണ്ടി ഭൂപ്രകൃതി സർവ്വേ, ഭൂഘടനപരമായ സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, ഹൈഡ്രോളജിക്കൽ സർവ്വേ, സോഷ്യൽ ഇംപാക്ട് സർവ്വേ, ട്രാഫിക്ക് സർവ്വേ എന്നിവ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓരോ പഠനങ്ങളും ഏതേത് ഏജൻസികളാണ് നടത്തിയതെന്നും ഈ ഓരോ പഠനങ്ങൾക്കും എത്ര രൂപ ചെലവായിയെന്നും ഇനം തിരിച്ച് വിശദമാക്കുമോ; ഈ പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം - കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി കെ.ആർ.ഡി.സി.എൽ വിദഗ്ദ്ധരും ജനറൽ കൺസൾട്ടന്റായ സിസ്ട്ര യുടെ വിദഗ്ദ്ധരും, പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ടോപ്പോഗ്രാഫിക്കൽ സർവ്വേ (ലിഡാർ) യുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ സർവ്വേ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹൈഡ്രോളജിക്കൽ സർവ്വേ, ട്രാഫിക്ക് സർവ്വേ, ജിയോടെക്നിക്കൽ സർവ്വേ, ദ്രുത പാരിസ്ഥിക ആഘാത പഠനം എന്നീ സർവ്വേകളും നടത്തിയിട്ടുണ്ട്. മേൽ പറഞ്ഞ പഠനങ്ങളിൽ സാമൂഹികാഘാത പഠനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളതല്ല. തുടർന്ന് പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനു ശേഷം സാമൂഹികാഘാത വിലയിരുത്തൽ പഠനത്തിനായുള്ള പുനഃവിജ്ഞാപനം പുറപ്പെടുവിക്കുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ചെലവായ തുകയുടെ കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>പ്രസ്തുത പഠന റിപ്പോർട്ടുകളെല്ലാം ഡി.പി.ആർ ന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് പ്രസ്തുത ഡി.പി.ആർ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ബി) | സിൽവർലൈൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയ ഇ.ക്യു.എം.എസ്. എന്ന ഏജൻസി സമർപ്പിച്ചിട്ടുള്ള ഒറിജനൽ റിപ്പോർട്ടിന്റെ പകർപ്പോ അത് ലഭ്യമല്ലെങ്കിൽ കരട് റിപ്പോർട്ടിന്റെ പകർപ്പോ ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കാൻ ചെലവാക്കിയ തുകയുടെ വിശദ വിവരം നൽകുമോ; | (ബി) | ഇ.ക്യൂ.എം.എസ്. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കി വരുന്ന പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അന്തിമമാകുന്ന മുറക്ക് ആയത് നൽകുന്നതാണ്. ആവശ്യമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്ന തിനു ഇതുവരെ 40,12,000 രൂപ ഇ.ക്യൂ.എം.എസ് നു നൽകുകയുണ്ടായി. |
| (സി) | സിൽവർലൈനിന്റെ പ്രധാന വരുമാന | (സി) | സിൽവർ ലൈനിന്റെ പ്രധാന വരുമാന |

| | | | |
|---|---|---|---|
| | സ്രോതസ്സുകൾ വിശദമാക്കുമോ; പ്രസ്തുത ട്രെയിനിന്റെ ടിക്കറ്റ് നിരക്കിന്റെ വിശദാംശവും തിരുവനന്തപുരത്ത് നിന്ന് കാസർഗോഡേക്കും തിരികെയും പ്രതിദിനം എത്ര യാത്രക്കാരെ വീതം പ്രതീക്ഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | | സ്രോതസ്സുകളിൽ 95 ശതമാനം ടിക്കറ്റ് വരുമാനത്തിൽ നിന്നും 5 ശതമാനം ടിക്കറ്റിതര വരുമാനത്തിൽ നിന്നുമാണ്. സിൽവർലൈനിന്റെ ടിക്കറ്റ് നിരക്ക് കിലോമീറ്ററിനു 2.75 രൂപ യാണ് കണക്കാക്കിയിരിക്കുന്നത്. സിൽവർലൈനിൽ തുടക്കത്തിൽ 80,000 ത്തോളം യാത്രക്കാരെയാണ് ഒരു ദിവസം പ്രതീക്ഷിക്കുന്നത്. പ്രതിദിനം ഒരു വശത്തേക്ക് 37 സർവീസുകളുണ്ടാകും. തിരക്കുള്ള സമയത്ത് ഓരോ 29 മിനിറ്റിലും തീവണ്ടികളുണ്ടാകും. |
| (ഡി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകമായി സോയിൽ ടെസ്റ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സോയിൽ ടെസ്റ്റിംഗ് 532 കി.മീ. വരുന്ന പാതയുടെ എത്ര ഇടങ്ങളിൽ നടത്തിയിട്ടുണ്ടെന്നും ഏത് ഏജൻസികളെയാണ് വിവിധ ജില്ലകളിൽ ഇതിനായി നിയോഗിച്ചിരുന്നതെന്നും ഇതിനുള്ള ചെലവുകൾ എത്രയെന്നുമുള്ള വിശദാംശം അറിയിക്കുമോ; ഇതിന്റെ പഠന റിപ്പോർട്ടുകൾ ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. തിരുവനന്തപുരം മുതൽ കാസർകോട് വരെ ജില്ലകളിൽ സിൽവർലൈൻ പാത കടന്നു പോകുന്ന 11 ജില്ലകളിലായി 127 ലൊക്കേഷനുകളിൽ M/s Anandaraj Infra Tech Pvt. Ltd എന്ന ഏജൻസി മുഖാന്തിരം സോയിൽ ടെസ്റ്റിംഗ് (Geo Technical Investigation) നടത്തിയിട്ടുണ്ട്. കൂടാതെ M/s Sakthi Development Coy മുഖാന്തിരവും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലായി 32 ലൊക്കേഷനുകളിൽ സോയിൽ ടെസ്റ്റിംഗ് നടത്തി വന്നിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തികൾക്കായി M/s Anandaraj Infra Tech Pvt. Ltd ആയി ആകെ 75,91,294.78/- രൂപയും M/s Sakthi Development Coy 10,53,980.44/- രൂപയും ചിലവായിട്ടുണ്ട്. സോയിൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് ഡി.പി.ആർ ന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ഇ) | സിൽവർലൈൻ പദ്ധതിക്കും അനുബന്ധമായ മറ്റ് ആവശ്യങ്ങൾക്കും എത്ര ഭൂമിയാണ് വേണ്ടതെന്നും ഇതോടനുബന്ധിച്ചുള്ള സ്മാർട്ട് സിറ്റികൾ നിർമ്മിക്കുന്നതിന് മാത്രമായി എത്ര ഭൂമിയാണ് വേണമെന്നും പദ്ധതിയുടെ ഓരോ ആവശ്യങ്ങൾക്കും വേണ്ട ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിക്ക് ഇന്ത്യൻ റെയിൽവെയുടെ കൈവശമുള്ള എത്ര ഭൂമി നല്കാമെന്നാണ് സമ്മതിച്ചിട്ടുള്ളതെന്നും ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ; | (ഇ) | പ്രസ്തുത ഡി.പി.ആർ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. ഡി.പി.ആർ പ്രകാരം 1383 ഹെക്ടർ ഭൂമിയാണ് സിൽവർലൈൻ പദ്ധതിക്കായി ആകെ ആവശ്യമായിവരിക. കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 04 സ്റ്റേഷനുകളിൽ ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് (TOD) 458.8624 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കൊല്ലം 101.6111 ഹെക്ടർ, കോട്ടയം 202.1480 ഹെക്ടർ, എറണാകുളം 101.6505 ഹെക്ടർ, തൃശ്ശൂർ 53.452 ഹെക്ടർ എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള സ്ഥലം ഏറ്റെടുക്കേണ്ടത്. ദക്ഷിണ റെയിൽവേയും കെ.ആർ.ഡി.സി.എല്ലും ചേർന്ന് നടത്തിയ സംയുക്ത സർവേയുടെ അടിസ്ഥാനത്തിൽ ഡി.പി.ആറിൽ 185 ഹെക്ടറായി കണക്കാക്കിയ റെയിൽവേ ഭൂമിയുടെ ആവശ്യകത 107.80 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പദ്ധതിക്ക് എത്ര അതിരടയാളക്കല്ലുകൾ വാങ്ങിയിട്ടുണ്ടെന്നും ഏതെല്ലാം ഏജൻസികൾക്കാണ് ഇതിന്റെ ഓർഡർ കൊടുത്തിരുന്നതെന്നും സപ്ലൈ ഓർഡർ പ്രകാരം ഇതിന്റെ വിതരണം | (എഫ്) | ലൊക്കേഷൻ സർവ്വേ നടത്തി അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്നതിനായി ഏജൻസികൾക്കു വർക്കോഡർ കൊടുത്തു. അതിൽ 16,494 കല്ലുകൾ ഇതിനകം തന്നെ വിതരണം ചെയ്തു. ലൊക്കേഷൻ സർവ്വേയുടെ ചിലവടക്കം ഈ ഇനത്തിലാകെ 1,30,55,335/- |

<table>
<tr>
<td></td>
<td>പൂർത്തിയാക്കിയിരുന്നോയെന്നും പ്രസ്തുത കല്ല് സപ്ലൈ ചെയ്യുന്നതിന് ചെലവായ തുകയുടെ വിശദാംശവും കല്ലുകളുടെ വിലയുൾപ്പെടെ ഇനം തിരിച്ച് നൽകുമോ; ഈ കല്ലുകൾ വസ്തുവകകളിൽ ഇടുന്നതിനെ ചെറുത്തതിന്റെ പേരിൽ എത്ര കേസുകൾ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ടെന്ന് അറിയിക്കാമോ;</td>
<td></td>
<td>ചെലവായി. ഇനം തിരിച്ചുള്ള വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br><br>സിൽവർലൈൻ പദ്ധതിയ്ക്ക് വേണ്ടിയുള്ള അതിരടയാളക്കല്ലുകൾ വസ്തുവകകളിൽ സ്ഥാപിക്കുന്നത് തടഞ്ഞു എന്നാരോപിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ ഇപ്പോൾ നിലവിലുള്ള കേസുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>നിലവിലുള്ള കേസുകളുടെ എണ്ണം</th></tr>
<tr><td>1</td><td>കൊല്ലം സിറ്റി</td><td>4</td></tr>
<tr><td>2</td><td>കോട്ടയം</td><td>5</td></tr>
<tr><td>3</td><td>എറണാകുളം റൂറൽ</td><td>8</td></tr>
<tr><td>4</td><td>മലപ്പുറം</td><td>6</td></tr>
<tr><td>5</td><td>കണ്ണൂർ സിറ്റി</td><td>1</td></tr>
<tr><td colspan="2">ആകെ</td><td>24</td></tr>
</table>
<br>മറ്റു ജില്ലകളിൽ കേസുകൾ ഒന്നും നിലവിലില്ല.</td>
</tr>
<tr>
<td>(ജി)</td>
<td>ഈ പദ്ധതി നടപ്പിലാക്കിയാലുണ്ടാകാവുന്ന പ്രശ്നങ്ങൾ ഉൾപ്പടെ സൂചിപ്പിച്ച് കൊണ്ടും പദ്ധതി ഉപേക്ഷിക്കണമെന്നും മറ്റും ആവശ്യപ്പെട്ടുകൊണ്ടും എത്ര വ്യക്തിഗത നിവേദനങ്ങളും ഭീമ ഹർജികളും സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; കെ.ആർ.ഡി.സി.എൽ. രൂപീകരണത്തിനുശേഷം നാളിതുവരെ സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവാക്കിയിട്ടുള്ള വിവിധയിനം ചെലവുകളുടെ വിശദ വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ?</td>
<td>(ജി)</td>
<td>സിൽവർലൈൻ പദ്ധതിയുടെ നേട്ടങ്ങൾ കണക്കിലെടുത്തു കൊണ്ട് പദ്ധതിയുടെ ആവശ്യകത ഉന്നയിച്ചുകൊണ്ടും ഒട്ടനേകം നിവേനങ്ങൾ ലഭ്യമായിട്ടുണ്ട്. എന്നാൽ സിൽവർലൈൻ പദ്ധതി നടപ്പിലാക്കിയാലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ സൂചിപ്പിച്ചു കൊണ്ടുള്ള നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. അപ്രകാരം ലഭിച്ചിട്ടുള്ള എല്ലാ നിവേദനങ്ങൾക്കും പദ്ധതിയുടെ ആവശ്യകത, ജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ, പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന രീതി എന്നിവയെല്ലാം ക്രോഡീകരിച്ച കൊണ്ടുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.<br><br>സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതു വരെ 53.56 കോടി രൂപ ചിലവായിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

I/6052419/2024

| ക്രമ നം | പഠനം | ഏജൻസി | ചെലവായ തുക |
|---|---|---|---|
| 1 | ഭൂപ്രകൃതി സർവ്വെ (ടോപ്പോ സർവ്വേ/ലിഡാർ) | M/s Geokno India Pvt. Ltd. | 2,08,93,760.76 |
| 2 | ഭൂഘടനാപരമായ/ഭൂസ്വഭാവ സർവ്വെ (ജിയോടെക്നിക്കൽ & ജിയോ ഗ്രാഫിക്കൽ സർവ്വേ) | M/s Anandaraj Infra Tech Pvt. | 75,91,294.78 |
| | | M/s Sakthi Development Coy | 10,53,980.44 |
| 3 | ജല ശാസ്ത്രപരമായ സർവ്വെ (ഹൈഡ്രോളജിക്കൽ സർവ്വേ) | M/s Rites | 64,86,688.23 |
| 4 | സാമൂഹിക ആഘാത പഠനം | • M/s Kerala Voluntary Health Services Kottayam<br>• M/s Rajagiri Outreach, Kalamassery.<br>• M/s Arrow, Ernakulam<br>• M/s Veekay consultancy, Kozhikode | പഠനം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. അതിനാൽ തുക ഒന്നും തന്നെ ചെലവായിട്ടുള്ളതല്ല. |
| 5 | ട്രാഫിക്ക്/ഗതാഗത സർവ്വേ | M/s P K Engineers | 23,75,458.40 |
| 6 | ദ്രുത പാരിസ്ഥിതികാഘാത പഠനം | Center for Environment & Development, TVPM | 29,85,400.00 |

# അനുബന്ധം 2

I/6052420/2024

**അതിരടയാളക്കല്ലുകളുടെ വിതരണത്തിനും സ്ഥാപിക്കുന്നതിനുമായി വർക്കോഡർ കൊടുത്ത ഏജൻസികളും കല്ലുകളുടെയും വിവരം**

| ക്രമ നം. | റീച്ചസ് | ഏജൻസി | ആകെ അതിരടയാളക്കല്ലുകൾ ഓഡർ നൽകിയത് |
|---|---|---|---|
| 1 | റീച്ച് 1 – തിരുവനന്തപുരം – കൊല്ലം – ആലപ്പുഴ – പത്തനംതിട്ട | M/s Primerail Infra labs Pvt. Ltd. | 4920 |
| 2 | റീച്ച് 2 – കോട്ടയം – എറണാകുളം | M/s Velcity consulting Engineering Pvt. Ltd. | 4202 |
| 3 | റീച്ച് 3 – തൃശൂർ – മലപ്പുറം | M/s Velcity consulting Engineering Pvt. Ltd. | 4480 |
| 4 | റീച്ച് 4 – കോഴിക്കോട് – മാഹീ –കണ്ണൂർ | P Gopinathan | 4306 |
| 5 | റീച്ച് 5 – കാസർകോട് | P Gopinathan | 1783 |
| | **ആകെ** | | **19691** |

**ലൊക്കേഷൻ സർവ്വേ നടത്തി അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്നതിനു ചിലവായ തുകയുടെ വിശദാംശങ്ങൾ**

| ക്രമ നം. | റീച്ചസ് | ഏജൻസി | ആകെ അതിരടയാളക്കല്ലുകൾ വിതരണം ചെയ്തത് | ചിലവായ തുക |
|---|---|---|---|---|
| 1 | റീച്ച് 1 – തിരുവനന്തപുരം – കൊല്ലം – ആലപ്പുഴ – പത്തനംതിട്ട | M/s Primerail Infra labs Pvt. Ltd. | 4920 | Rs. 43,05,355 |
| 2 | റീച്ച് 2 – കോട്ടയം – എറണാകുളം<br>റീച്ച് 3 – തൃശൂർ – മലപ്പുറം | M/s Velcity consulting Engineering Pvt. Ltd.,<br>M/s Techno vision | 5485 | Rs. 2995195 |
| 3 | റീച്ച് 4 – കോഴിക്കോട് – മാഹീ –കണ്ണൂർ | P Gopinathan | 4306 | Rs.34,80,276 |
| 4 | റീച്ച് 5 – കാസർകോട് | P Gopinathan | 1783 | Rs.22,74,509 |
| | **ആകെ** | | **16494** | **Rs.1,30,55,335** |

| SL No. | NAME OF THE PROJECT | Amount (Incl GST) |
|---|---|---|
| 1 | GENERAL CONSULTANCY SERVICES "FOR RAIL DEVELOPMENT PROJECTS OF KRDCL " | 30,31,87,702.46 |
| 2 | DEVELOPMENT OF ARCHITECTURAL DESIGNS/DRAWINGS OF STATIONS OF SILVERLINE FOR SEMI HIGH-SPEED RAIL CORRIDOR (SILVERLINE) BETWEEN THIRUVANANTHAPURAM TO KASARAGOD. | 26,46,150.00 |
| 3 | TOPOGRAPHICAL SURVEY OF PROPOSED SILVERLINE ALIGNMENT BETWEEN KOYILANDY AND CHALAKUNNU (FROM CH383/000 TO CH 439/500) FOR A LENGTH OF 49 KM AND APPROXIMATELY 25 HECTARE OF | 15,34,253.72 |
| 4 | CRZ MAPPING FOR THE PROPOSED 530 KM LONG SILVERLINE (SEMI HIGH SPEED RAIL CORRIDOR) BETWEEN THIRUVANANTHAPURAM AND KASARAGOD. | 49,39,481.00 |
| 5 | MANGROVE CONSERVATION AND MANAGEMENT PLAN FOR THE PROPOSED SILVERLINE (SEMI HIGH SPEED RAIL) CORRIDOR BETWEEN THIRUVANANTHAPURAM TO KASARAGOD. | 15,79,548.00 |
| 6 | CARRYING OUT ENVIRONMENTAL IMPACT ASSESSMENT STUDY/FIELD WORK AND PREPARATION OF COMPREHENSIVE ENVIRONMENT IMPACT ASSESSMENT REPORT (CEIA), ENVIRONMENT MANAGEMENT PLAN (EMP), DETAILED SOCIAL IMPACT ASSESSMENT (SIA), RESETTLEMENT ACTION PLAN (RAP) AND INDIGENOUS PEOPLE PLAN (IPP) FOR PROPOSED SILVERLINE SEMI HIGH SPEED RAIL BETWEEN | 40,12,000.00 |
| 7 | HYDROGRAPHIC AND TOPOGRAPHIC SURVEY OF MINOR, MAJOR AND IMPORTANT BRIDGES ALONG THE CORRIDOR BETWEEN THIRUVANANTHAPURAM TO KASARAGOD FOR SEMI HIGH SPEED RAIL CORRIDOR | 64,86,688.23 |
| 8 | DIGITILIZING FIELD MEASUREMENT BOOK (FMB) ALONG SILVER LINE ALIGNMENT IN KOTTAYAM & ERNAKULAM DISTRICTS - REACH No.2 | 3,28,040.00 |
| 9 | DIGITILIZING FIELD MEASUREMENT BOOK (FMB) ALONG SILVER LINE ALIGNMENT IN TRISSUR & MALAPPURAM DISTRICTS - REACH No.3 | 2,26,162.00 |
| 10 | DIGITILIZING FIELD MEASUREMENT BOOK (FMB) ALONG SILVER LINE ALIGNMENT IN KOZHIKODE & KANNUR DISTRICTS - REACH No.4. | 29,610.00 |
| 11 | DIGITILIZING FIELD MEASUREMENT BOOK (FMB) ALONG SILVER LINE ALIGNMENT IN KAZARAGOD DISTRICT - REACH No.5. | 1,15,000.00 |
| 12 | SUPPLY & FIXING OF RCC PILLARS ON TWO BOUNDARY LINES AND CENTER LINE DULY CONDUCTING LOCATION SURVEY ALONG THE CORRIDOR FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) BETWEEN | 43,05,356.00 |
| 13 | Picking up of x,y coordinates of IR boundary stones, other IR assets between rge SL km 419+500 to 530+100 where the SL alignment running adjacent to IR Line | 22,05,420.00 |
| 14 | SUPPLY & FIXING OF RCC PILLARS ON TWO BOUNDARY LINES AND CENTER LINE DULY CONDUCTING LOCATION SURVEY ALONG THE CORRIDOR FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) BETWEEN | 13,62,311.00 |
| 16 | LAND SURVEY USING DGPS/TOTAL STATION AND PLANTING OF RCC BOUNDARY STONES FOR SILVERLINE PROJECT IN THRISSUR AND MALAPPURAM DISTRICTS. | 8,08,288.00 |
| 17 | SUPPLY & FIXING OF RCC PILLARS ON TWO BOUNDARY LINES AND CENTER LINE DULY CONDUCTING LOCATION SURVEY ALONG THE CORRIDOR FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) BETWEEN | 34,80,276.00 |
| 18 | SUPPLY & FIXING OF RCC PILLARS ON TWO BOUNDARY LINES AND CENTER LINE DULY CONDUCTING LOCATION SURVEY ALONG THE CORRIDOR FOR SEMI HIGH SPEED RAIL CORRIDOR (SILVER LINE) BETWEEN | 22,74,509.00 |

| | | |
|---|---|---|
| 19 | GEOTECHNICAL INVESTIGATION ALONG THE CORRIDOR BETWEEN THIRUVANANTHAPURAM TO THRISSUR AND GEOLOGICAL & GEOPHYSICAL SURVEY AT TUNNEL SECTIONS BETWEEN | 8,93,203.76 |
| 20 | “Aerial LiDAR Survey for Thiruvananthapuram-Kasaragod Semi High Speed Rail Corridor" | 2,08,93,760.76 |
| 21 | “Subsoil Investigation for Thiruvananthapuram-Kasaragod Semi-High-Speed Rail Corridor.” | 75,91,294.78 |
| 22 | “Traffic and Transportation Survey for Thiruvananthapuram Kasaragod Semi-High-Speed Rail Corridor.” | 23,75,458.40 |
| 23 | EIA &SIA Survey for Survey for Thiruvananthapuram - Kasaragod Semi-High-Speed Rail Corridor. | 29,85,400.00 |
| 24 | Collection of land details and other Particulars for the purpose of acquisition of land for Semi-High speed Rail Corridor from Thiruvananthapuram to Kasaragod | 10,29,250.80 |
| 25 | “Traffic and Transportation Survey for Thiruvananthapuram-Kasaragod Semi-High-Speed Rail Corridor.”-The Feasibility of sleeper Trains in night and Feasibility of restaurant cars in day trains | 2,50,000.00 |
| 26 | Design Consultancy services for the proposed Thiruvananthapuram (Kochuveli) station of Semi High Speed Rail Project | 7,67,000.00 |
| 27 | Consultancy for review of the observations of NITI AAYOG on SilverLine Project | 56,64,000.00 |
| 28 | Review and modificaiton of Design Basis Reports for various Civil Structures of Semi-High Speed Rail Project from Thiruvananthapuram to Kasaragod | 64,86,688.23 |
| 29 | Supply & Fixing of RCC Pillars on two boundary lines and center line duly conducting location survey along the corridor for Semi High Speed Rail Corridor (SilverLine) between Thiruvananthapuram to Kasaragod. Reach 2 | 8,16,442.00 |
| 30 | Supply & Fixing of RCC Pillars on two boundary lines and center line duly conducting location survey along the corridor for Semi High Speed Rail Corridor (SilverLine) between Thiruvananthapuram to Kasaragod covering | 8,16,442.00 |
| 31 | Validation check-X,Y,Z Co ordinates | 1,15,510.00 |
| 32 | Conducting feasibility study to ascertain the suitability of Fibre Bragg Grating Sensing Technology based Structural Health Monitoring System to monitor structures | 49,08,800.00 |
| 33 | Enhancing Environmental sustainability for the K-rail Silver line project | 14,40,000.00 |
| 34 | The work of transportation of RCC Boundary Stones from Tirur to Thirunavaya in connection with Silverline project. | 8,08,288.00 |
| 35 | Geotechnical investigation/Geophysical Surveys | 10,53,980.00 |
| 36 | Other Administrative expenses related to work | 13,71,83,685.86 |
| | Total | 53,56,00,000.00 |